**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: **3413**

**22.08.2017 ൽ മറുപടിയ്ക്ക്**

## പോലീസിന്റെ പെരുമാറ്റം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അൻവർ സാദത്ത്** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) വാഹനപരിശോധനയ്ക്കിടെ പോലീസിനെ കണ്ട് സ്കൂട്ടർ തിരിച്ച യാത്രക്കാരന്റെ കോളറിൽ പോലീസ് ഉദ്യോഗസ്ഥൻ പിടിച്ചതുമൂലം ഉണ്ടായ അപകടത്തിൽ അണപ്പാട് പൂവൻപറമ്പ് വിനായകയിൽ വിക്രമൻനായർ മരണപ്പെടുകയുണ്ടായോ;<br>(ബി) ഇതിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യുമോ; | (എ) & (ബി) വിക്രമൻ നായർ ഓടിച്ചു വന്ന വാഹനം ഏതോ വിധേന ഇലക്ട്രിക് പോസ്റ്റിൽ കൊണ്ടിടിച്ചു മരണപ്പെട്ടതിലേക്ക് മാറനല്ലൂർ പോലീസ് സ്റ്റേഷനിൽ 841/17 U/s Motor Occurrence പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) ഈ സർക്കാർ നിലവിൽ വന്നശേഷം പോലീസിന്റെ ഇത്തരത്തിലുള്ള പെരുമാറ്റം മൂലമുണ്ടായ അപകടത്തിൽ എത്രപേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;<br>(ഡി) ഇപ്രകാരം മരണമടഞ്ഞവർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) & (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ